# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 369 – 04/02/2020 - ലെ മറുപടിക്ക്

## സംസ്ഥാനത്തെ ബാങ്കിംഗ് ഇടപാടുകാർ നേരിടുന്ന പ്രശ്നങ്ങൾ

ചോദ്യം

ശ്രീമതി ഇ.എസ്.ബിജിമോൾ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്

(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സാധാരണക്കാർക്ക് വായ്പ സംബന്ധമായ മാനദണ്ഡങ്ങളും മറ്റു നിബന്ധനകളും ബോധ്യപ്പെടുത്തുവാൻ കഴിയുംവിധം ബാങ്ക് ഇടപാടുകൾ സംബന്ധിച്ച എല്ലാ ഫോമുകളും കത്തിടപാടുകളും പ്രാദേശിക ഭാഷയിൽ ലഭ്യമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | കേരളത്തിലെ ബാങ്ക് ശാഖകളിൽ നിർദ്ദേശങ്ങളും, സൂചികക്കുറിപ്പുകളും, മറ്റു വിവരങ്ങളും മലയാളത്തിലും പ്രദർശിപ്പിക്കുന്നതായും കത്തിടപാടുകൾ പരമാവധി പ്രാദേശിക ഭാഷയിൽ നടത്തുന്നതായും സംസ്ഥാനത്തെ ബാങ്ക് ജീവനക്കാർ പൊതുവെ മലയാളം നല്ലരീതിയിൽ കൈകാര്യം ചെയ്യുന്നവരാണെന്നും അതിനാൽ ഉപഭോക്താക്കൾക്കും പൊതുജനങ്ങൾക്കും വിഘാതം കൂടാതെ ഇടപാടുകൾ നടത്തുവാനും, വിവരങ്ങൾ ആരായാനും, സംശയ ദൂരീകരണം നടത്തുവാനും കഴിയുന്നുണ്ടെന്നും സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനർ അറിയിച്ചിട്ടുണ്ട്.<br>എന്നാൽ, ബാങ്ക് വായ്പയുമായി ബന്ധപ്പെട്ട എഗ്രിമെന്റുകൾ വായ്പയുടെ സ്വഭാവം, ആവശ്യകത, വായ്പാതുക എന്നിവയ്ക്കനുസരിച്ച് വ്യത്യാസം വരുന്നതാണെന്നും എഗ്രിമെന്റുകൾ അതാത് ബാങ്കുകളിലെ നിയമവിഭാഗത്തിന്റെ നിർദേശം കൂടി കണക്കിലെടുത്ത് അഖിലേന്ത്യാതലത്തിൽ ഏകികൃതമായാണ് അച്ചടിക്കുന്നതെന്നും സംസ്ഥാനതല ബാങ്കേഴ്സ് സമിതി കൺവീനർ അറിയിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ബി) | സർഫാസി നിയമത്തിന്റെ പിൻബലത്തിൽ വായ്പ കുടിശ്ശിക തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പേരിൽ അമിതമായ തുക വായ്പക്കാരനിൽ നിന്നും ഈടാക്കി വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | അതാത് ബാങ്കുകളുടെ നിബന്ധനകൾക്കതീതമായി അമിതമായ തുക വായ്പക്കാരിൽ നിന്നും ബാങ്കുകൾ ഈടാക്കുന്നതായി ശ്രദ്ധയിൽ വന്നിട്ടില്ല. |

**സെക്ഷൻ ഓഫീസർ**